കേരള സർക്കാർ

# ഏഴിക്കര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.12)2056/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :07.12.2016

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.12)2056/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :07.12.2016

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.2016 മുതൽ 15.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 25.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജയ.സി.ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ സജീവ്.എൻ.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.പുഷ്പ ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.C.M.രാജഗോപാൽ | 01.04.2015മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീമതി. ഗീത പ്രതാപൻ | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീമതി.ഷേർളി.എ.ബി | 01.04.2015മുതൽ31.03.2016വരെ |
| അസിസ്ററന്റ് സെക്രട്ടറി | ശ്രീമതി.മോളി ചെറിയാൻ | 01.04.2015മുതൽ27.01.2014വരെ |
| | ശ്രീമതി.കെ.പി.അംബിക | 28.01.2014മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.വിനോദ് പൗലോസ് | 01.04.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ജോസഫ് ജോളി | 01.04.2015മുതൽ31.08.2015വരെ |
| | ശ്രീമതി.സലേഷ്യസജനി | 01.09.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അനിത ജെയിംസ് | 01.04.2015മുതൽ31.03.2016വരെ |
| എൽ.വി.ഇ.ഒ. | ശ്രീമതി സീമ.ടി.ആർ | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ. | ശ്രീമതി.ശശികല | 01.04.2015മുതൽ31.08.2015വരെ |
| | ശ്രീമതി.ഷൈമ.എം എസ്. | 01.09.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.സാജു.എൻ.രാജൻ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.സജി.പി.എ | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.ടോണി തോപ്പിൽ | 01.04.2015മുതൽ31.03.2016വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.എ.എസ് അംബിക | 01.04.2015മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.റാണി സെബാസ്റ്റ്യൻ | 01.04.2015മുതൽ31.03.2016വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി ലീന തോമസ് | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-1 | |
| 13 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ കന്നുകാലി ഫാം പ്രവർത്തിക്കുന്നു | 2-2 | |
| 14 | തൊഴിൽ നികുതി അടയ്ക്കുന്നില്ല. | 2-3 | |
| 15 | E-Tender -മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില | 2-4 | |
| | ഭാഗം - 3 | | |
| 16 | പാലിയേറ്റിവ് കെയർ-വാടക ഇനത്തിൽ അധിക തുക നല്കി | 3-1 | |
| 17 | മരുന്നു സമയബന്ധിതമായി ലഭിക്കുന്നില്ല | 3-2 | |
| 18 | ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിങ്ങിന് അധികം നിരക്ക് നൽകി | 3-3 | |
| 19 | വാട്ടർ ചാർജ് കൂടിയ താരിഫ് നിരക്കിൽ ഒടുക്കുന്നു. | 3-4 | |
| | ഭാഗം - 4 | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | 1 | |

| | | | |
|---|---|---|---|
| 30 | ബാലൻസ് ഷീറ്റ് 2015-16 | 2 | |
| 31 | ഇൻകം &എക്സപെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | 3 | |
| 32 | റെസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | 4 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18-03-2015 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| വർഷം | 2015-16 | ശതമാനം |
|---|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 6,49,98,762 | 37 |
| യഥാർത്ഥ വരവ് | 2,42,27,995 | |
| വ്യത്യാസം | 40770767 | |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 6,71,51,735 | 57 |
| യഥാർത്ഥ ചെലവ് | 3,81,21,531 | |
| വ്യത്യാസം | 29030204 | |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 23-07-2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18668311.70 |
| വരവ് | 24227995.00 |
| ആകെ | 42896306.70 |
| ചെലവ് | 38121531.00 |
| നീക്കിയിരിപ്പ് | 4774775.70 |

### 1-5 ഫണ്ട് വിനിയോഗം

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11,51,193 | 8969218 (ട്രാൻസ്ഫർ ക്രെഡിറ്റ്) | 10120411 | 10120411 | - | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 69,86,359 | 5749437 | 12735796 | 6696102 | 6039694 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 3,47,709 | - | 347709 | 50000 | 297709 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,46,740 | 2681334 | 3028074 | 3028074 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7,45,597 | 1065829 | 1811426 | 1811426 | 0 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,72,472 | 4020808 | 4593280 | 3132776 | 1460504 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 20,99,730 | 1168531 | 3268261 | 2096950 | 1171311 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 113 | 344357665 | 94 | 24383347 | 7 | 12 | 83.18% |

## 1-7 തനത് വരുമാനം.

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2015-16 | നികുതി വരവുകൾ | 2084520 | 1128225 | -956295 | 45.88 (-) |
| | നികുതിയേതര വരവുകൾ | 624979 | 525166 | -99813 | 15.97 (-) |
| | മറ്റുവരവുകൾ | 26255 | 24445 | -1810 | 6.89 (-) |
| | ആകെ | 2735754 | 1677836 | -1057918 | (-)38.67 |

## 1-8 . ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | 2015-16 | |
|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 88,680 | 56 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 33,45,270 | 410 |
| വിധവാപെൻഷൻ | 59,71,080 | 582 |
| വാർദ്ധക്യകാലപെൻഷൻ | 60,47,115 | 913 |
| വികലാംഗപെൻഷൻ | 21,25,425 | 207 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 5,23,920 | 56 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2016- 3പി.എം-ന് ഉത്തരവാദപ്പെട്ട സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുക യുണ്ടായി. പരിശോധനയിൽ 2109/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ പഞ്ചായത്തിന്റെ സേവനം തൃപ്തികരമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-09-2016 | 01-08-2016 to 31-08-2016 | 17-10-2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-08-2012 | 2009-10 സപ്ലിമെന്ററി ഓഡിറ്റ് | 26-09-2012 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് 1996 ചട്ടം 232 ാം വകുപ്പ് പട്ടിക 1 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ ഡി ആന്റ് ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ ഡിപ്പോകൾ പഞ്ചായത്ത് സെക്രട്ടറി നല്കുന്ന ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ കന്നുകാലി ഫാം പ്രവർത്തിക്കുന്നു

ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 ചട്ടം 3 പ്രകാരം അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ള ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നല്കുന്ന ലൈസൻസ് നിർബന്ധമാണ്.എന്നാൽ ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ശ്രീ.ദാനവൻ, പറമ്പത്തേരിൽ ഹൗസിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കന്നുകാലി ഫാം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

### 2-3 തൊഴിൽ നികതി അടയ്ക്കുന്നില്ല.

പഞ്ചായത്തിൽ 2015-16 ൽ മരാമത്ത് പണിയുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ,റേഷൻ ഡിപ്പോ ഡീലർ തുടങ്ങിയവർ തൊഴിൽ നികുതി അടച്ചിട്ടില്ല.(കേ.പ.രാ.ആക്റ്റ് ചട്ടം 3 സെ 204(1))

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | കെ.എൻ.മനോജ് |
| 2 | ഭാസ്കരൻ പിള്ള |
| 3 | മഹേഷ് .കെ.എം |
| 4 | സുനിൽ ബാബു |
| 5 | സിബിൻ.കെ.വി |
| 6 | എം.എം.ദിലീപ് |
| 7 | ഉണ്ണികൃഷ്ണൻ.ബി. |
| 8 | ബിജു.ഒ.പി. |
| 9 | പി.ജെ.പൗലോസ്. |
| 10 | അനീഷ്.സി.എസ്. |
| 11 | കെ.സുകുമാരൻ |
| 12 | സുജി.വി |
| 13 | പി.കെ.നസീർ |
| 14 | ഷൈൻ.എ.വില്യംസ് |
| 15 | കെ.വി.വിബിൻ |
| 16 | പി.ആർ.സാബു |

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും നിയമാനുസൃതം തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-4 E-Tender -മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില

2015-16-ൽ E-Tender മുഖേന നടപ്പാക്കിയ താഴെ ചേർത്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില,ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ടെണ്ടർ ഫോം വില പഞ്ചായത്ത്ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർഫോം വില |
|---|---|---|---|
| 1 | പട്ടിക ജാതി ശ്മശാനത്തിലേക്കുള്ള റോഡ് നിർമ്മാണം | 1 | 5000x1 |
| 2 | മാവേലിത്തറ മണ്ണചിററോഡ് റീടാറിങ്ങ് | 3 | 5000x3 |

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റിവ് കെയർ- വണ്ടിവാടക ഇനത്തിൽ അധിക തുക നല്കി

പ്രോജക്ട് നം. S0007/15-16

പ്രോജക്ട് അടങ്കൽ 400000

ചെലവഴിച്ച തുക. 60140/-(ബിൽ.നം 01/15-16 തീ.27.07.15)

30250/-(ബിൽ.നം 2/15-16 തീ.13.08.15)

29050/-(ബിൽ.നം 3/15-16 തീ.22.09.15)

2601/-(ബിൽ.നം 4/15-16 തീ.25.09.15)

24519/-(ബിൽ.നം 5/15-16 തീ.30.012.15)

81747(ബിൽ.നം 6/15-16 തീ.30.012.15 )

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,(സി.എച്ച്.സി)

എഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പിലാക്കിയ പാലിയേറ്റിവ് കെയർ പദ്ധതിയിൽ കിടപ്പിലായ രോഗിക്ക് ശുശ്രൂഷ നടത്തുന്നതിന് വാഹനം വാടകയ്ക്ക് എടുത്തതിൽ അധികം തുക നല്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ചെലവുകളിൽ വണ്ടി വാടക ഇനത്തിൽ നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വണ്ടിയുടെ നമ്പർ/ പേര് | മാസം | ട്രിപ്പ കൾ | നല്കിയ നിരക്ക് | അനുവദ നീയമായ നിരക്ക് | അധികം നല്കിയ നിരക്ക് | ആകെ തുക |
|---|---|---|---|---|---|---|
| KL-42C 6274/ സുമോ | ഏപ്രിൽ,മെയ് | 25 | 1250 | 1100 | 150 | 3750/-(ബിൽ.നം 01/15-16 തീ.27.07.15) |
| | ജൂൺ | 13 | 1250 | 1100 | 150 | 1950/-(ബിൽ.നം 2/15-16 തീ.13.08.15) |
| | ജൂലൈ | 13 | 1250 | 1100 | 150 | 1950/-(ബിൽ.നം 3/15-16 തീ.22.09.15) |
| | ഓഗസ്റ്റ് | 2 | 1250 | 1100 | 150 | 300/-(ബിൽ.നം 4/15-16 തീ.25.09.15) |
| | ഓഗസ്റ്റ് | 10 | 1250 | 1100 | 150 | 1500/-(ബിൽ.നം 5/15-16 തീ.30.012.15) |
| | സെപ്റ്റംബർ,ഒക്ടോബർ, | 25 | 1250 | 1100 | 150 | 3750/-(ബിൽ.നം 6/15-16 തീ.30.012.15 ) |
| ആകെ | | | | | | 13200 |

പാലിയേറ്റിവ് ഗൃഹസന്ദർശനത്തിന് ഉപയോഗിക്കുന്ന വാഹനത്തിന് യാത്ര ചെയ്യുന്ന കിലോ മീറ്ററിന് അനുസരിച്ചാണ് വാടക നിശ്ചയിക്കേണ്ടത്. മേൽ വാഹനം ഉപയോഗിച്ച് യാത്ര ചെയ്ത കിലോമീറ്റർ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ.(ആർ.ടി)3217/2015 ത.സ്വ.ഭ.വ. 29/10/15 പ്രകാരം ഒരു ദിവസം വാഹനവാടക ഇനത്തിൽ പരമാവധി നല്കാവുന്ന തുക 1100/-രൂപയാണ്. അധികം നല്കിയ തുക 13200/-രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

### 3-2 മരുന്ന സമയബന്ധിതമായി ലഭിക്കുന്നില്ല

പ്രോജക്ട് നം. S010/15-16

പ്രോജക്ട് അടങ്കൽ 200000

ചെലവഴിച്ച തുക. 200000/-(ബിൽ.നം 1/15-16 തീ.17.02.16)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,ഹോമിയോ

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മെഡിക്കൽ ഓഫീസർ,ഹോമിയോ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതി പ്രകാരം 200000/-രൂപയ്ക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്നു ലഭിക്കുന്നത് വരെ 200000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിങ്ങിന് അധികം നിരക്ക് നൽകി

താഴെ ചേർത്ത മരാമത്ത് പ്രവൃത്തികളിൽ ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിങ്ങിന് 1273/m3 എന്ന നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇക്കാലയളവിൽ ജില്ലയിലെ LSGD പൊതുമരാമത്ത് വിഭാഗം തലവനായ എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഡാറ്റാ പ്രകാരം ഈയിനത്തിന് 1121/m3 എന്ന നിരക്കാണ് അംഗീകരിച്ചിരിക്കുന്നത്. ആയതിനാൽ 152/m3 തോതിൽ അധികം തുക നൽകിയതിനാൽ അധികം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വാർഡ് 2 - ലെ SCക്രിമറ്റോറിയം റോഡ് നിർമ്മാണം .

| | |
|---|---|
| പ്രോജക്ട് നം | S0119/16 |
| എസ്റ്റിമേറ്റ് | 2250000(2012 ഷെഡ്യൂൾ നിരക്ക്) |
| കരാറുകാരൻ | അനീഷ്.സി.എസ് (0.61%കുറവ്) |
| അളവു പുസ്തകം | 17/15-16 & 19/15-16 |
| ചെലവ് വിവരം | 30/15-16 dt.23.2.16.രൂ.2072263 |
| ഇനം പ്രകാരം7 ചെയ്ത അളവ് &നൽകിയ തുക | 139.47m3@1273/m3=177545.31 |
| അംഗീകരിച്ച നിരക്ക് പ്രകാരം നൽകാവുന്ന തുക | 139.47m3@1121/m3=156345.87 |
| അധികം നൽകിയ തുക | 21199 |

2) നികത്തിൽ റോഡ് മെറ്റലിങ്ങ് -വാർഡ്-1

| | |
|---|---|
| പ്രോജക്ട് നം | S0128/16 |
| എസ്റ്റിമേറ്റ് | 20000(2012 ഷെഡ്യൂൾ നിരക്ക്) |
| കരാറുകാരൻ | B.P.സാബു (14.70%കുറവ്) |
| അളവു പുസ്തകം | 83/14-15 |
| ചെലവ് വിവരം | 15/15-16 dt.19.1.16.രൂ.79080 |
| ഇനം പ്രകാരം 4ചെയ്ത അളവ് &നൽകിയ തുക | 28.08m3@1273/m3=35745.84 |
| അംഗീകരിച്ച നിരക്ക് പ്രകാരം നൽകാവുന്ന തുക | 28.08m3@1121/m3=31477.68 |
| അധികം നൽകിയ തുക | 4268/- |

ആകെ അധികം നൽകിയ 25467/-രൂപ ഉത്തരവാദികളിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്. അധിക നിരക്ക് അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും,ആയതിന് അംഗീകാരം നൽകിയ പറവൂർ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും മേൽ നഷ്ടത്തിന് ഉത്തരവാദികളാണ്.

## 3-4 വാട്ടർ ചാർജ് - അടവാക്കിയ തുക കുടിശ്ശിക ഡിമാന്റിൽ കുറയ്ക്കുന്നില്ല.

പഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ 31.12.2015-ൽ കുടിശ്ശിക 1,52,58,421/-രൂപയും പിഴപ്പലിശ 2,99,181/-രൂപയുമായിരുന്നു. 2015-16 സാമ്പത്തിക വർഷം 12,99,426/- രൂപ വികസനഫണ്ട് , സി.എഫ്.സി. ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കുടിശ്ശികയിനത്തിൽ അടവാക്കിയിട്ടുണ്ട്. എങ്കിലും തുടർന്ന് വന്ന വെള്ളക്കരം ബില്ലിൽ നിന്നും ഈ തുക കുടിശ്ശികയിൽ കുറവ് വരുത്തിയതായി കാണുന്നില്ല. ഇതുവരെ കുടിശ്ശികയിനത്തിൽ അടച്ച തുക കുടിശ്ശിക ഡിമാന്റിൽ കുറവ്

വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയോട് അടിയന്തിരമായി ആവശ്യപ്പെടേണ്ടതാണ്. മാത്രവുമല്ല കുടിശ്ശിക തുക, പുതുക്കിയ പഞ്ചായത്ത് താരിഫ് ആയ 5250/- നിലവിൽ വന്ന 01.10.2014തീയതിക്ക് മുൻപുള്ള കാലങ്ങളിലേത് അന്ന് നിലവിലുള്ള നിരക്കായ 3500/- (ഒരു പൈപ്പിന്റെ വാർഷിക നിരക്ക്) രൂപയിൽ തന്നെയാണ് ഡിമാന്റ് ചെയ്യുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ നിലവിൽ 384 സ്ട്രീറ്റ് ടാപ്പുകൾ ഉണ്ട്. അവയ്ക്ക് 1,68,000/- രൂപ മാസം അടയ്ക്കുന്നുണ്ട്. എന്നാൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധിച്ച് നിലവിൽ ഉപയോഗിക്കാത്ത കണക്ഷനുകൾ തിട്ടപ്പെടുത്തി വെള്ളക്കര ബില്ലിൽ കുറവ് വരുത്തേണ്ടതാണ്.

### 3-5 മരാമത്ത് പ്രവൃത്തി ബില്ലുകൾ - അപാകത

ടാർ ഉപയോഗിച്ച് ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഡാറ്റ തയ്യാറാക്കിയപ്പോൾ ബാരൽ ബിറ്റുമിനുള്ള വിലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബാരൽ വില കുറവു ചെയ്യാതെയാണ് പ്രവൃത്തി ബില്ല് തയ്യാറാക്കിയത്. ആയതിനാൽ ബാരലൊന്നിന് 238/- രൂപയും നികുതിയും വീതം പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1,50,000 | പാലിയേറ്റീവ് കെയർ | 1,48,676 | 1,324 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1,45,000 | ശാരീരികവും മാനസ്സികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,45,000 | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,20,480 | | 1,20,480 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്കൽ ലൈൻ വലിക്കൽ | DDനം.887928<br>30-12-16 | 11580 | 11580 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ വലിക്കൽ | DDനം.887930<br>30-12-16 | 55000 | 55000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ ഉ(സ1)എ8 B.63480/2010 തസ്വഭവ. തീ.11.2.10 | 7000000 | 1908750 | 700000 | 0 | 1208750 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-3 | 4003 | പത്മകുമാർ | 11503100401/ 26.05.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24227995 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38121531 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200000 |

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 13200 | ഡോ വിനോദ് പൗലോസ്,മെഡിക്കൽ ഓഫീസർ |
| 3-3 | - | 25467 | ശ്രീമതി.സലേഷ്യ സജനി,അസി.എൻജിനീയർ |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,00000 | ഡോ. സജി.പി എ,മെഡിക്കൽ ഓഫീസർ, ഹോമിയോ. |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ വിനോദ് പൗലോസ്,മെഡിക്കൽ ഓഫീസർ,CHC | മെഡിക്കൽ ഓഫീസർ,CHC, ഏഴിക്കര ഗ്രാമപഞ്ചായത്ത് | എടപ്പങ്ങാട്ട് വീട് മുളന്തുരുത്തി പിഒ പിൻ-682314 |
| സലേഷ്യ സജനി അസി.എൻജിനിയർ | അസി.എൻജിനിയർ, ഏഴിക്കര ഗ്രാമപഞ്ചായത്ത് | മാവുങ്കൽ വീട് ചെറിയ കടവു,കണ്ണമാലി പി ഒ പിൻ-682008 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1992-93 | എൽ.എഫ്.ഇ (പി2)939/95തീയതി.15.3.95 | |
| 1993-94 & 94-95 | എൽ.എഫ്.ഇ (പി2)707/96തീയതി.17.10.96 | |
| 1997-98 | എൽ.എഫ്.ഇ (പി2)853/03തീയതി.14.10.03 | |
| 1998-99 | എൽ.എഫ്.ഇ (പി2)749/05തീയതി.26.5.06 | |
| 2002-03 | എൽ.എഫ്.ഇ (പി2)1307/05തീയതി.26.6.06 | |
| 2006-07 | എൽ.എഫ്.ഇ (പി2)719//07തീയതി.30.1.08 | |
| 2007-08 | എൽ.എഫ്.ഇ (പി2)11/09തീയതി.7.9.09 | |
| 2008-09 | എൽ.എഫ്.ഇ(പി2)1842/11തീയതി.23.11.11 | |
| 2009-10 | എൽ.എഫ്.ഇ (പി2)1842/11തീയതി.23.11.11 | |
| 2010-11 | എൽ.എഫ്.ഇ (പി2)1842/11തീയതി.23.11.11 | |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13തീയതി.16.8.13 | |
| 2012-13 | എൽ.എഫ്.ഇ (പി10)24/15തീയതി.11.2.15 | |
| 2013-14& 2014-15& | എൽ.എഫ്.ഇ (പി10)234/16തീയതി.15.2.16 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ,ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.12)2056/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :07.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(12)2056/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 07.12.2016

Certified that I have audited the Annual Financial Statement of Ezhikkara Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ezhikkara Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)